# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.844** **09.08.2017 ലെ മറുപടി**

## നേമം നിയോജക മണ്ഡലത്തിൽ കുളങ്ങളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ.രാജഗോപാൽ: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി) യുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ കുളങ്ങളാണ് നേമം നിയോജക മണ്ഡലത്തിൽ തിരഞ്ഞെടുത്തിട്ടുള്ള തെന്നും അതിൽ എത്ര കുളങ്ങളുടെ നവീകരണം പൂർത്തിയായിട്ടുണ്ടെന്നും ഇനി ഏതൊക്കെ കുളങ്ങളാണ് പണി പൂർത്തീകരിക്കുവാനുള്ളതെന്നും വ്യക്തമാക്കാമോ; | (എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന 14 കുളങ്ങളാണ് നേമം നിയോജക മണ്ഡലത്തിൽ തിരഞ്ഞെടുത്തിട്ടുള്ളത്. (കുളങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു). അതിൽ 11 കുളങ്ങളുടെ നവീകരണം പൂർത്തിയായി. പൊന്നുമംഗലം വാർഡിലെ നെടുംകുളം, മേലാങ്കോട് വാർഡിലെ ആമീൻകുളം, എസ്റ്റേറ്റ് വാർഡിലെ നന്തൻകോട് കുളം എന്നീ 3 കുളങ്ങളുടെ പണിയാണ് പൂർത്തീകരിക്കാനുള്ളത്. |
| (ബി) പ്രസ്തുത പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) ഉണ്ട്. സമയബന്ധിതമായി പണികൾ പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടുന്നത് 3 കുളങ്ങളാണ്. (1) പൊന്നുമംഗലം വാർഡിലെ നെടുംകുളം. കുളത്തിന്റെ അതിരുതർക്കവുമായി ബന്ധപ്പെട്ട് അതിരു തീരുമാനിക്കാനായി റസിഡന്റ്സ് അസോസിയേഷൻ നേമം വില്ലേജ് ഓഫീസർക്ക് അപേക്ഷ നല്കിയിരുന്നു. അതിൻപ്രകാരം റീ സർവ്വേയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപേക്ഷ നല്കിയിരിക്കുകയാണ്. (2) മേലങ്കോട് വാർഡിലെ ആമീൻകുളത്തിനോട് ചേർന്ന് കോർപ്പറേഷന്റെ കീഴിൽ ഓട നിർമ്മാണം നടക്കുകയാണ്. |

അത് പൂർത്തിയാകുന്നവരെ കുളത്തിന്റെ പണികൾ നിർത്തി വച്ചിരിക്കുന്നു. (3) എസ്റ്റേറ്റ് വാർഡിലെ നന്തൻകോട് കുളം നവീകരണം പൂർത്തിയായെങ്കിലും കുളത്തിനോട് ചേർന്ന് വരുന്ന ഇറിഗേഷൻ കനാലിൽ നിന്നും വൻതോതിൽ ഒഴുകിയെത്തുന്ന മലിന ജലം കുളത്തിന്റെ ഒരു ഭാഗത്ത് നാശനഷ്ടങ്ങൾക്കു കാരണമാകുകയും, അതിനു പരിഹാരമായി പ്രസ്തുത കുളത്തിന് ചുറ്റും ഓട നിർമ്മിച്ച് ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നം. | വാർഡ് | കുളത്തിന്റെ പേര് |
|---|---|---|
| 1. | പൂജപ്പുര | ചെങ്കിലംപാട്ട് കുളം |
| 2. | പൂജപ്പുര | ചാടിയറ കുളം |
| 3. | മുടവൻ മുഗൾ | മാവിറവിള കുളം |
| 4. | മുടവൻ മുഗൾ | പുനവൻമൂല കുളം |
| 5. | മുടവൻ മുഗൾ | കൊരട്ടൂർ കുളം |
| 6. | നേമം | പാറയിൽകുളം |
| 7. | നേമം | നമ്പുവിള കുളം |
| 8. | പൊന്നുമംഗലം | നെട്ടുംകുളം |
| 9. | മേലാങ്കോട് | ആമീൻകുളം |
| 10. | മേലാങ്കോട് | നട്ടുവത്ത് കുളം |
| 11. | എസ്റ്റേറ്റ് | പൂഴിക്കുന്ന് കുളം |
| 12. | എസ്റ്റേറ്റ് | നന്തൻകോട് കുളം |
| 13. | പുന്നയ്ക്കാ മുഗൾ | കോട്ടുക്കോണം കുളം |
| 14. | തൃക്കണ്ണാപുരം | വേളാരുവിള കുളം |

സെക്ഷൻ ഓഫീസർ